പൊതുപ്രവേശന പരീക്ഷയുടെ ചോദ്യങ്ങളും ഉത്തരങ്ങളും പ്രസിദ്ധീകരിക്കാൻ നടപടി

100 (2080) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ എഞ്ചിനീയറിംഗ് പൊതുപ്രവേശന പരീക്ഷ കഴിഞ്ഞശേഷം അവയുടെ ചോദ്യങ്ങളും ഉത്തരങ്ങളും പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ ഈ നടപടിക്രമം സ്വീകരിക്കും ;

(സി) ഈ നടപടി ക്രമം സ്വീകരിക്കുമ്പോൾ ഓരോരുത്തരും എഴുതിയ ഉത്തരം ശരിയാണോ എന്ന് അവരവർക്ക് പരിശോധിക്കുവാനുതകുന്ന എന്തെങ്കിലും സംവിധാനം നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഓരോ പരീക്ഷാർത്ഥിയും ഉത്തരമെഴുതുമ്പോൾ അതിന്റെ കാർബൺ കോപ്പി പതിയുന്ന സംവിധാനമുണ്ടാക്കി അതിൽ പരീക്ഷാ കേന്ദ്രത്തിലെ ഇൻവിജിലേറ്റർമാർ ഒപ്പിട്ട് സീൽ പതിപ്പിച്ച് പരീക്ഷാർത്ഥിക്ക് കൊടുക്കുന്ന നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ ;

(ഇ) ഇതുമൂലം പൊതുപ്രവേശന പരീക്ഷയിൽ ക്രമക്കേടുകൾ ഒഴിവാക്കപ്പെടുകയില്ലേ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2000-മാണ്ടിലെ പ്രവേശന പരീക്ഷ മുതൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) പ്രായോഗികമല്ലാത്തതിനാൽ നിർവാഹമില്ല.

1999-ലെ എൻട്രൻസ് എക്സാമിനേഷനിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

101 (2081) ശ്രീ. കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-ലെ എൻട്രൻസ് എക്സാമിനേഷനിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly